**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5260** **12-08-2021 - ൽ മറുപടിയ്ക്ക്**

**അതി സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതി സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. സംരംഭക സഹായ പദ്ധതി വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രവർത്തന സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട്ട ചേർന്നോ നടത്തുന്ന ഉല്പാദക, ജോബ് വർക് വിഭാഗത്തിൽ ഉൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്തു ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ യൂണിറ്റുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വഹിക്കുന്ന പങ്ക് കണക്കിലെടുത്തു പുനരുജ്ജിവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്കു a) Revival and Rehablitaton Scheme for Defunct MSMEs and Cashew Processing Units b) The Kerala Stressed MSMEs Revival& Rehabilitation Schemeഎന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വ്യവസായ ഭദ്രത - |

| | | | |
|---|---|---|---|
| | | | കോവിഡ് കാരണം പ്രതി സന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കാണ് ഈ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ് 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ അതി സൂക്ഷ്മ സംരംഭകത്വമേഖലകളിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭ മേഖലകളിലേക്കു സ്ത്രീകളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭകസഹായപദ്ധതി വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നി മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ വനിതകൾക്ക് അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്. 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത വനിത സംരംഭകർക്ക് വാർഷിക പലിശയിൽ മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ഈ പദ്ധതിയുടെ 30% |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി / പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഉല്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്റ്റ് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധിസഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. 1. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- ആകെ പ്രോജക്റ്റ് ചെലവിന്റെ 40 % 2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്റ്റ് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ 3. വ്യവസായവകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് - ആകെ പ്രോജക്റ്റ് ചെലവിന്റെ പരമാവധി 30 ശതമാനം എസ്.സി/ എസ്.ടി/ വനിതകൾ വിമുക്തഭടന്മാർ/ 40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്റ്റ് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. |
| (സി) | കുടുംബശ്രീ മിഷനുമായി ചേർന്ന് നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്കു സഹായം നൽകുന്നതിനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food |

| | | | |
|---|---|---|---|
| | | | Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ വ്യക്തിഗത സംരംഭങ്ങൾക്ക് പുറമെ ഗ്രൂപ്പ് സംരംഭങ്ങൾക്കും സഹായം നൽകുന്നു. ഭക്ഷ്യ സംസ്കരണ മേഖലയിലെ ഗ്രൂപ്പ് അംഗങ്ങൾക്കുള്ള സീഡ് ക്യാപിറ്റൽ തുകയായ 40,000/- രൂപ സഹായം നൽകുന്നതിനുള്ള വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നത് കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിലാണ്. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികാവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പ്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രോജക്ട് ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്രം - കേരളം സർക്കാരുകൾ സബ്സിഡി ആയി നൽകുന്നതാണ് പ്രസ്തുത പദ്ധതി. |

സെക്ഷൻ ഓഫീസർ